പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **2330**

23.03.2012 ൽ
മറുപടിക്ക്

പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

ചോദ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് ഒഴിവുണ്ടായിരുന്ന തസ്തികകളിലേക്ക് എഴുത്തുപരീക്ഷയും, അഭിമുഖവും നടത്തി തയ്യാറാക്കിയ നിലവിലുള്ള റാങ്ക്ലിസ്റ്റ് റദ്ദാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം കാരണങ്ങളാലാണ് പട്ടിക റദ്ദാക്കിയതെന്ന് വെളിപ്പെടുത്താമോ;

(സി) ഈ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

ഉത്തരം

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)

(എ) & (ബി)

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുതുതായി ആരംഭിച്ച യൂണിറ്റുകളിലേക്കും വിപുലീകരണ പദ്ധതികൾ നടപ്പിലാക്കുന്ന സ്ഥാപനങ്ങളിലേക്കും ജീവനക്കാരെ നിയമിക്കുന്നതിന് നേരത്തെയുള്ള വിജ്ഞാപനത്തിലെ മാനദണ്ഡങ്ങളിലും നിയമനങ്ങൾക്കായി നടത്തിയ നടപടിക്രമങ്ങളിലും ക്രമക്കേടുകൾ ആരോപിച്ചുകൊണ്ട് ബഹു. ഹൈക്കോടതി യിൽ നിരവധി കേസുകൾ നിലവിലുള്ളതിനാൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകൾ നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) പുതിയതായി ആരംഭിച്ച എല്ലാ യൂണിറ്റുകളും കഴിവതുവേഗം പ്രവർത്തനസജ്ജമാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരെ നിയമിക്കുന്നതിനായി നിലവിലുള്ള എല്ലാ സംവരണ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് ഒഴിവുകൾ നികത്തുവാൻ പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുവാൻ എല്ലാ ചീഫ് എക്സിക്യൂട്ടീവ്സിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടി ക്രമത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനം നൽകുകയെന്ന് വിശദമാക്കാമോ;

(ഡി) പുതിയതായി സ്ഥാപിച്ച ഓരോ യൂണിറ്റുകളിലും ഉള്ള ഒഴിവുകളിലേക്ക് ആവശ്യമായ മാനദണ്ഡങ്ങളനുസരിച്ചുള്ള വിജ്ഞാപനങ്ങൾ പ്രമുഖ പത്ര മാധ്യമങ്ങളിൽക്കൂടി പ്രസിദ്ധീകരിക്കുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഓരോ ഒഴിവുകൾക്കും ആവശ്യമായ മാനദണ്ഡമനുസരിച്ച് എഴുത്തുപരീക്ഷ, സ്കിൽ ടെസ്റ്റ്, ഇന്റർവ്യൂ മുതലായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സുതാര്യമായ സംവിധാനത്തിലൂടെയായിരിക്കും നിയമനങ്ങൾ നടത്തുക.

(ഇ) ഒഴിവുകളുള്ള തസ്തികകളിൽ എത്ര തസ്തികകൾ ഈ സർക്കാർ പി.എസ്.സി. നിയമനത്തിനു വിട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഇ) പുതിയതായി ആരംഭിച്ച എല്ലാ യൂണിറ്റുകളും കഴിവതുംവേഗം പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരെ നിയമിക്കുന്നതിനായി നിലവിലുള്ള എല്ലാ സംവരണ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് ഒഴിവുകൾ നികത്തുവാൻ പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുവാനാണ് അതാത് ചീഫ് എക്സിക്യൂട്ടീവ്സിനെ ചുമതലപ്പെടുത്തിയിരിക്കുന്നത്. PSC യുടെ അധീനതയിൽ വരുന്ന ഒഴിവുകൾ PSC-മുഖേന നിയമിക്കുന്നതിനും, എംപ്ലോയ്മെന്റ് ഡയറക്ടറേടിൽ നിന്നുള്ള ലിസ്റ്റിനും മുൻഗണന നൽകിയായിരിക്കണം പുതിയതായി നിയമന നടപടിക്രമങ്ങൾ സ്വീകരിക്കുവാനെന്നും തീരുമാനിച്ചിട്ടുണ്ട്. ചില കമ്പനികളിൽ കോടതിയിൽ നിലവിലുള്ള കേസുകളിന്മേലുള്ള വിധിയുടെ അടിസ്ഥാനത്തിലായിരിക്കും നിയമനങ്ങളും നടപ്പിലാക്കുകയെന്നും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(എഫ്) ഒഴിവുകളിലേക്ക് എന്നത്തേക്ക് നിയമനം നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

(എഫ്) പുതിയതായി ആരംഭിച്ച യൂണിറ്റുകളിൽ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ഉടൻതന്നെ ആരംഭിക്കേണ്ടതുള്ളതിനാൽ ജീവനക്കാരുടെ നിയമനങ്ങൾ കഴിവതുംവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

സെക്ഷൻ ഓഫീസർ